# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/687/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/687/2022 തീയ്യതി: 30/05/2022

## മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 23-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. അബ്ദുൽ ജലീൽ. ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

2. ശ്രീ. മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3. ശ്രീ. റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

4. ശ്രീമതി. സുജാത. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.കരുണാകരൻ പിള്ള | പ്രസിഡന്റ് | 01-04-2019 | 20-01-2020 |
| ശ്രീമതി.വത്സല അരവിന്ദൻ | പ്രസിഡന്റ് | 21-01-2020 | 12-02-2020 |
| ശ്രീ.ജോസഫ് ജോൺ | പ്രസിഡന്റ് | 13-02-2020 | 31-03-2020 |
| ശ്രീ.രാഘവൻ.പി.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രജനി.എം.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.മധുസൂദനൻ നായർ .ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സതീദേവി.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 12-12-2019 |
| ശ്രീമതി.സുലൈഖ.പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-12-2019 | 31-03-2020 |
| ശ്രീമതി.ഡോൾസി ഡൊമനിക് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ.ആസ്യ സുഹാന | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ചാന്ദ്നി.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 15-09-2019 |
| ഡോ.അരുൺകുമാർ.ജി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-09-2019 | 01-12-2019 |
| ഡോ.കബീർ.എ.എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 02-12-2019 | 19-12-2019 |
| ഡോ.അമ്പിളി പ്രഭാകർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-12-2019 | 31-03-2020 |
| ഡോ.പ്രിയാ വിജയൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 01-06-2019 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഡോ.ഷർജാൻ അഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-06-2019 | 10-11-2019 |
| ഡോ.ഫർസാന.വി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-11-2019 | 10-12-2019 |
| ഡോ.ഷർജാൻ അഹമ്മദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-12-2019 | 29-02-2020 |
| ഡോ.ഫർസാന.വി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-03-2020 | 23-03-2020 |
| ഡോ.ദിവ്യ ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 24-03-2020 | 31-03-2020 |
| ശ്രീ.യാസിർ.എ.എം | വി.ഇ.ഒ | 01-04-2019 | 04-07-2019 |
| ശ്രീമതി.ശ്യാമളദേവി.കെ | വി.ഇ.ഒ | 05-07-2019 | 31-03-2020 |
| ഡോ..മനോജ്.എം വർഗ്ഗീസ് | വെറ്ററനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ടോമി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 23-07-2019 |
| ശ്രീ.ജേക്കബ് ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Sujatha M (Auditor, On 14-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sujatha M (Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-11 |
| 12 | സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.<br>Written By: Sujatha M (Auditor, On 14-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം - അപാകത<br>Written By: Sujatha M (Auditor, On 14-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-13 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സമാന യോഗ്യതയുള്ളവർക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകി.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-14 |
| 15 | അനുപൂരക പോഷകാഹാര വിതരണം - ജി.എസ്.ടിയുടെ TDS ഈടാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 30-04-2022) | 1-15 |
| 16 | അഡ്വാൻസ് സമയക്രമം പാലിച്ച് ക്രമീകരിക്കാത്തത് സംബന്ധിച്ച്.<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-16 |

| | | |
|---|---|---|
| 17 | അഗതി രഹിത കേരളം പദ്ധതി - കുടുംബശ്രീ വഴിയല്ലാതെ പണം ചെലവഴിച്ചു.<br>Written By: Muhammed Saleem T (Asst. Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 27-04-2022) | 1-17 |
| 18 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-18 |
| 19 | സ്കൂളുകളിൽ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 30-04-2022) | 1-19 |
| 20 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 16-03-2022) | 1-20 |
| 21 | തമ്പുരാട്ടിക്കുളം ലിഫ്റ്റ് ഇറിഗേഷൻ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-21 |
| 22 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് അധികം ഈടാക്കി.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-22 |
| 23 | ഡസ്റ്റ് വർക്കിന് അധികനിരക്ക് നൽകി.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-23 |
| 24 | കമ്പ്യൂട്ടർ വാങ്ങൽ; അധികം നൽകിയ 3009 രൂപ തിരികെ ലഭിച്ചതിന്റെ വിവരം ഇല്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-24 |
| 25 | റിടെൻഷൻ തുക രണ്ട് തവണ ട്രഷറിയിൽ നിന്ന് പിൻവലിച്ചു; 55232 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 16-03-2022) | 1-25 |
| 26 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 1-26 |
| 27 | താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 16-03-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 15-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 11-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 11-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 12-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 12-03-2022)<br>Last Updated By: Unni.P (Deputy Director, On 28-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തീയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/ 13.02.2019 | 1/ 16.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 05.06.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 26407431 |
| വരവ് | 78404826 |
| ആകെ | 104812257 |
| ചെലവ് | 79054773 |
| നീക്കിയിരിപ്പ് | 25757484 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21190882 | 21190882 | 16440288 | 4750594 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2682000 | 2682000 | 1407206 | 1274794 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3380294 | 3380294 | 1442469 | 1937825 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6803000 | 6803000 | 6494005 | 308995 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6637000 | 6637000 | 2619221 | 4017779 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16106971 | 16106971 | 8196223 | 7910748 |
| ബി ഫണ്ട് | 0 | 14283720 | 14283720 | 14283720 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 123825710 | 123 | 64474370 | 0 | 91 | 52.07% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1213614 | 1213614 | 895565 | 318049 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 34835340 | 34835340 | 34835340 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 157920 | 167 |
| കർഷക തൊഴിലാളി പെൻഷൻ | 1326600 | 364 |
| വിധവാ പെൻഷൻ | 4939800 | 1038 |
| വാർദ്ധക്യകാലപെൻഷൻ | 6146400 | 1637 |
| വികലാംഗപെൻഷൻ | 1351800 | 367 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 61200 | 17 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32299/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ, വിഇഒ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഇത് പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 22/2018/ത.സ്വ.ഭ.വ തി. 14.02.2018 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. വിഇഒ , ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പ്രോജക്ടു ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.
5. സാംഖ്യ ബാങ്ക് ബുക്കുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2022 | 01.12.2021 മുതൽ 31.12.2021 വരെ | 19.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ | 2005-06 മുതൽ 2009-10 വരെ | 04.10.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

2019-20 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)4 പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ.Schedule RP-40(b)

Bank)

2). ചുങ്കത്തറ കേരള ഗ്രാമീണ ബാങ്കിലുള്ള NREGS അക്കൗണ്ടിലെ നീക്കിയിരിപ്പ് ഉക B-4 ഷെഡ്യൂളിലും RP-40(b) ഷെഡ്യൂളിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| B-4 Schedule | RP-40(b) Schedule |
|---|---|
| 317049 | 318049 |

3). ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. (ചട്ടം 57).

4). ചട്ടം 62(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5). ചട്ടം 62(3) പ്രകാരം, എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ ഉകകൾ രേഖപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

6). തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം തികച്ചും അശ്രദ്ധമായി തയ്യാറാക്കിയതിനാൽ വാർഷിക കണക്കിലെ ഉകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7). വാർഷിക കണക്ക് പ്രകാരം Registration Fee From Hospital & Paramedical Institutions എന്ന ശീർഷകത്തിൽ 500/- രൂപ വരവുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ 250/- രൂപയുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8).വാർഷിക കണക്ക് പ്രകാരം Licence Fee For Live Stock Farm എന്ന ശീർഷകത്തിൽ 700/- രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം1950/- രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

9).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10). പിരിഞ്ഞ് കിട്ടാനുള്ളവയിൽ, സംശയാസ്പദമായ ഉകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ താഴെ പറയുന്ന ശീർഷകങ്ങളിൽ ഉക നീക്കിയിരിപ്പുണ്ട്.

| Code No | Particulars | Amount |
|---|---|---|
| 320200309 | Literacy Scheme Grant | 4785 |
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 17,419 |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats | 11250 |
| 320900399 | Other Awards And Honours | 1000 |

ACR ൽ ഈ ഉകകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 15/14-03-2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2019- 20 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ പോത്തുകൽ (ദിവസ വേതന ജീവനക്കാർ) | ഒന്ന്, രണ്ട് |
| 2 | ഹോളി ഏഞ്ചൽസ് ഇംഗ്ലീഷ് സ്കൂൾ നെട്ടിക്കുളം | രണ്ട് |
| 3 | പോസ്റ്റ് ഓഫീസ് പാതാർ | രണ്ട് |

മുകളിൽ പരാമർശിച്ച സ്ഥാപന ഉടമകളോട് 2019-20 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്,

അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം. 11/19-20/09.03.2022 ) മറുപടി ലഭ്യമാക്കി.

## 1-13 വസ്തുനികുതി നിർണ്ണയം - അപാകത

സ.നം. 49/92 ൽശ്രീ.ഉസ്മാൻ പുളിക്കത്തൊടിയിൽ ഹൗസ് , തുടിമുട്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള 178 ച.മീ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ 174.85 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനാണ് A3-4752/14.10.2019 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന് VI/322 A മുതൽ F വരെയുള്ള കെട്ടിട നമ്പർ അനുവദിച്ചതായും ( 23.11.2019) കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിട നമ്പർ അനുവദിച്ച വിവരം |
|---|---|
| GF- 80.94 ച.മീ (Shop Room)<br>FF- 42.07 ച.മീ (Lodging Area)<br>38.90 ച.മീ (Shop Room)<br>SF – 12.94 ച.മീ<br>--------------------<br>174.85 ച.മീ | VI/322 A – 20.39 (വാണിജ്യം GF)<br>VI/322 B - 20.39 (വാണിജ്യം GF)<br>VI/322 C - 20.39 (വാണിജ്യം GF)<br>VI/322 D – 51.84 (വാണിജ്യം FF)<br>VI/322 E – 21.035 (വാസഗൃഹംFF)<br>VI/322 F - 21.035 (വാസഗൃഹം FF) |

എൽ.എസ്.ജി.ഡി ഓവർസിയറുടെ റിപ്പോർട്ടിൽ FF ൽ 42.07 ച.മീ A2 ഉപയോഗ ക്രമത്തിലാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ വാസഗൃഹം A1 ആയി പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 4/ച.മീ രൂപയും ലോഡ്ജ് കെട്ടിടങ്ങൾക്ക് 20/ച.മീ രൂപയുമാണ് അടിസ്ഥാന നികുതി നിരക്ക്. ലോഡ്ജിംഗ് ആവശ്യത്തിനുള്ള കെട്ടിട ഭാഗത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനും കെട്ടിടത്തിലെ മുഴുവൻ വിസ്തൃതിയും നികുതി നിർണ്ണയിച്ചപ്പോൾ പരിഗണിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/19-20/09.03.2022 )

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സമാന യോഗ്യതയുള്ളവർക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകി.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 68/20 |
| അടങ്കൽ തുക | 4,00,000/- രൂപ. |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 75,000/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 19151952035400859878 തിയ്യതി. 23.11.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

പട്ടികജാതി പ്രൊഫഷണൽ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 75,000/- രൂപ താഴെ പറയുന്ന പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും | കോഴ്സ് | അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സുബിത മോൾ.ഇ.എസ്, എടത്തിൽ വീട്, തമ്പുരാട്ടിക്കല്ല്. | ബി.എ (രണ്ടാം വർഷം) | 15,000/- രൂപ. |
| 2 | വിഷ്ണു.കെ, കറുത്തേടത്ത്, ആനക്കല്ല് | എം.ഫിൽ (ഹിന്ദി) | 20,000/- രൂപ. |
| 3 | നിഷിദ കൃഷ്ണൻ, എടത്തിൽ ഹൌസ്, തമ്പുരാട്ടിക്കല്ല് | ബി.എ (രണ്ടാം വർഷം) | 20,000/- രൂപ. |
| 4 | അക്ഷയ്.പി.ബി, പള്ളിക്കര ഹൌസ്, ശാന്തിഗ്രാം | പോളിടെക്നിക് | 20,000/- രൂപ. |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതവും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 30,000/- രൂപ വീതവും, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതവുമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള രണ്ട് പേരും രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനികളാണെങ്കിലും ഇതിൽ കുമാരി.സുബിത മോൾ.ഇ.എസിന് 15,000/- രൂപയും കുമാരി.നിഷിദ കൃഷ്ണന് 20,000/- രൂപയുമാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. ഒരേ യോഗ്യതയുള്ള രണ്ട് വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടാതെ ക്രമ നമ്പർ.3 പ്രകാരമുള്ള വിഷ്ണു.കെ, കറുത്തേടത്ത്, ആനക്കല്ല് ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണെങ്കിലും ബിരുദ വിദ്യാർത്ഥികൾക്കുള്ള നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അബദ്ധത്തിൽ സംഭവിച്ചതാണെന്നും ഭാവിയിൽ ആവർത്തിക്കില്ല എന്നുമാണ് ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 അനുപൂരക പോഷകാഹാര വിതരണം - ജി.എസ്.ടിയുടെ TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് നെട്ടിക്കുളം എന്ന സ്ഥാപനത്തിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (ജനറൽ) [80/20] | 19151952035500352113/ തി. 20.07.2019 | 07/14.05.2019 | 103229 |
| | | | 08/14.05.2019 | 59200 |
| | | | 01/02.04.2019 | 106560 |
| | | | 02/02.04.2019 | 54025 |
| | | | 09/18.06.2019 | 104709 |
| | | | 11/18.06.2019 | 44855 |
| | | ചെക്ക് നമ്പർ.034633 തീ.13.03.2020 | 41/04.02.2020 | 157916 |
| | | | 43/02.03.2020 | 162836 |
| | | ചെക്ക് നമ്പർ.034631 തീ.04.04.2020 | 38/03.01.2020 | 26332 |
| | | | 37/03.01.2020 | 148000 |
| | | ചെക്ക് നമ്പർ.3071858 തീ.21.12.2019 | 31/02.02.2019 | 129653 |
| | | | 32/02.02.2019 | 59291 |
| | | ചെക്ക് നമ്പർ.3071843 തീ.11.11.2019 | 28/01.11.2019 | 42476 |
| | | | 27/01.11.2019 | 122100 |
| | | ചെക്ക് നമ്പർ.4719017 തീ.23.10.2019 | 23/03.10.2019 | 108040 |
| | | ചെക്ക് നമ്പർ.4719015 തീ.04.10.2019 | 17/24.08.2019 | 118029 |
| | | | 18/24.08.2019 | 47216 |
| | | | 19/03.09.2019 | 115440 |

| | | | | |
|---|---|---|---|---|
| | | | 20/03.09.2019 | 46398 |
| 2 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (എസ്.ടി) [90/20] | 19151952035500422278/ തി. 06.08.2019 | 14/10.07.2019 | 39860 |
| | | | 13/10.07.2019 | 111369 |
| | | 19151952035500716388/ തി. 21.10.2019 | 24/03.10.2019 | 50658 |
| ആകെ | | | | 1958192 |

അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.16(2019-20)/14.03.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 അഡ്വാൻസ് സമയക്രമം പാലിച്ച് ക്രമീകരിക്കാത്തത് സംബന്ധിച്ച്.

പോത്തുകൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഘടക സ്ഥാപന മേലധികാരികൾക്കും നൽകുന്ന മുൻകൂറുകൾ സമയക്രമം പാലിച്ച് ക്രമീകരിക്കുന്നില്ല എന്ന് കാണുന്നു. 2019-20 ൽ നൽകിയതും സാമ്പത്തിക വർഷാവസാനം ക്രമീകരിക്കാത്തതുമായ മുൻകൂറുകളുടെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ വിവരം | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 21900159/7.6.19 | 20000 | വെറ്ററിനറി സർജൻ |
| 21900160/7.6.19 | 20000 | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് പൂളപ്പാടം |
| 21900242/16.7.19 | 20000 | ഹോമിയോ മെഡിക്കൽ ഓഫീസർ |
| 21900246/17.7.19 | 75000 | പോത്തുകൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 21900599/19.12.19 | 50000 | പോത്തുകൽ പിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 21900601/20.12.19 | 10000 | വെറ്ററിനറി സർജൻ |
| 21900813/3.2.20 | 18000 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| ആകെ | 213000 | |

ഈ മുൻകൂറുകൾ ഉടൻ ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/7.3.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 അഗതി രഹിത കേരളം പദ്ധതി - കുടുംബശ്രീ വഴിയല്ലാതെ പണം ചെലവഴിച്ചു.

പോത്തുകൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ അഗതി രഹിത കേരളം (157/20) എന്ന പ്രൊജക്ടിനു വേണ്ടി വൗച്ചർ 21901097/26.3.2020 പ്രകാരം 236900 രൂപ വികസനഫണ്ട് പിൻവലിച്ച് അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ വില നേരിട്ട് പോത്തുകല്ല് കുടുംബശ്രീ എക്കോഷോപ്പിനു നൽകിയിട്ടുണ്ട്. അഗതി രഹിത കേരളം കാഷ് ബുക്കിലോ ബാങ്ക് പാസ് ബുക്കിലോ ഈ തുകയുടെ വരവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ആശ്രയ പദ്ധതിയിലെ ബാലൻസ് തുക 1415896 രൂപ ചെലവഴിക്കാതെ അഗതി രഹിത കേരളം അക്കൗണ്ടിൽ അവശേഷിക്കുന്ന സമയത്താണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ വഴിയല്ലാതെ അസിസ്റ്റന്റ് സെക്രട്ടറി പണം നേരിട്ട് ചെലവഴിച്ചത്. (ഓഡിറ്റ് എൻക്വയറി നമ്പർ 13/9.3.22 ). നടപടിക്രമങ്ങൾ പാലിക്കാതെ പണം ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ഭരണസമിതിയുടെ അംഗീകാരത്തോടെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. (ദീർഘീകരണത്തിനു നൽകിയ അപേക്ഷകൾ സ്വീകാര്യവുമല്ല). കരാറുകാർ ഒപ്പുവച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി: തമ്പുരാട്ടിക്കുളം ലിഫ്റ്റ് ഇറിഗേഷൻ, 156/20<br>അടങ്കൽ: 400000 രൂപ (വികസന ഫണ്ട്-ജനറൽ)<br>കരാറുകാരൻ: ശ്രീ ഉബൈദുള്ള<br>കരാർ: 65/17-18/12-12-17<br>കരാർ തുക: 352212 രൂപ<br>അളവ് പുസ്തകം: 156/19-20<br>ചെലവ്: 315218രൂപ<br>ബിൽ നമ്പർ: 4/19-20/8-5-19<br>കരാർ കാലവധി: 5 മാസം<br>(ടാങ്ക് സ്ഥാപിക്കാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ ദീർഘിപ്പിക്കണമെന്ന അപേക്ഷ, സ്ഥലലഭ്യത ഉറപ്പ് വരുത്തി മാത്രമേ പദ്ധതി തുടങ്ങാവൂ, എന്നതിനാൽ അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല, ഭരണസമിതി ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുമില്ല)<br>പൂർത്തീകരിക്കേണ്ട തീയതി: 11-4-18<br>പൂർത്തീകരിച്ച തീയതി: 25-3-19 (അളവ് പുസ്തകം പേജ് 22) | 12-4-18 To 11-7-18@ 1 %: 3522.12<br>12-7-18 To 11-10-18@ 2 %: 7044.24<br>12-10-18 To 11-1-19@ 2 %: 7044.24<br>12-1-19 To 25-3-19 @ 2 %: (73 Days)<br>73/90 X 7044.24 = 5713.66<br>TOTAL: 23324.26<br>le 23324 രൂപ |
| 2 | പ്രവൃത്തി: പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം, 193/20<br>അടങ്കൽ: 1500000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ സിദ്ധീഖ്<br>കരാർ: 45/17-18/6-11-17<br>കരാർ തുക: 1219628.16 രൂപ<br>അളവ് പുസ്തകം: 74/17-18,1(9)/17-18<br>ചെലവ്: 1023761രൂപ<br>ബിൽ നമ്പർ:<br>Part Bill: Rs 497084 (18-19) | 6-7-18 To 12-9-18 @ 1 %: (69 Days)<br>69/90 X 12196.28 = 9350.48<br>le 9350 രൂപ |

| | | | |
|---|---|---|---|
| | Final Bill: Rs 526677, 10/19-20/15-7-19<br><br>കരാർ കാലവധി: 8 മാസം<br><br>(വെള്ളപ്പൊക്കം കാരണം കാലാവധി ദീർഘിപ്പിക്കണമെന്ന അപേക്ഷ, 2018 ലെ വെള്ളപ്പൊക്കം തുടങ്ങുന്നതിന് മുമ്പ് തന്നെ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്നതിനാൽ അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല, ഭരണസമിതി ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുമില്ല)<br><br>പൂർത്തീകരിക്കേണ്ട തീയതി: 5-7-18<br><br>പൂർത്തീകരിച്ച തീയതി: 12-9-18 (അളവ് പുസ്തകം പേജ് 53, 74/17-18) | | |
| 3 | പ്രവൃത്തി: പകൽവീട് പൂർത്തീകരണം, 179/20<br><br>അടങ്കൽ: 594532 രൂപ<br><br>(വികസന ഫണ്ട്-ജനറൽ: 30000<br><br>CFC ഗ്രാന്റ്: 294532)<br><br>കരാറുകാരൻ: ശ്രീ ഗോപി<br><br>കരാർ: 67/18-19/8-3-19<br><br>കരാർ തുക: 487508 രൂപ<br><br>അളവ് പുസ്തകം: 20/19-20<br><br>ചെലവ്: 487508രൂപ<br><br>ബിൽ നമ്പർ:<br><br>55/19-20/18-3-20: 300000<br><br>56/19-20/19-3-2019: 187508<br><br>കരാർ കാലവധി: 6 മാസം<br><br>(Skilled Labour, Meterial എന്നിവ ലഭ്യമല്ലാത്തതിനാൽ കാലാവധി ദീർഘിപ്പിക്കണമെന്ന അപേക്ഷ, ആയവ ലഭ്യമാക്കൽ കരാറുകാരന്റെ ഉത്തരവാദിത്തമായതിനാൽ അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല, ഭരണസമിതി ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുമില്ല)<br><br>പൂർത്തീകരിക്കേണ്ട തീയതി: 7-9-19<br><br>പൂർത്തീകരിച്ച തീയതി: 1-1-20 (അളവ് പുസ്തകം പേജ് 28) | 8-9-19 To 7-12-19 @ 1%: 4875.08<br><br>8-12-19 To 1-1-20 @ 2 %: (25 Days)<br><br>25/90 X 9750.16 = 2708<br><br>Total 7583 രൂപ | |
| 4 | പ്രവൃത്തി: കോടാലിപ്പോയിൽ അംഗനവാടി നിർമാണം, 177/20<br><br>അടങ്കൽ: 800000 രൂപ<br><br>(തനത് ഫണ്ട്)<br><br>കരാറുകാരൻ: ശ്രീ ഗോപി<br><br>കരാർ: 64/18-19/8-3-19<br><br>കരാർ തുക: 700728 രൂപ<br><br>അളവ് പുസ്തകം: 54/19-20, 55/19-20<br><br>ചെലവ്: 700728രൂപ<br><br>ചെക്ക് നമ്പർ: 034634/13-3-20<br><br>കരാർ കാലവധി: 6 മാസം<br><br>പൂർത്തീകരിക്കേണ്ട തീയതി: 7-9-19<br><br>പൂർത്തീകരിച്ച തീയതി: 20-2-20 (അളവ് പുസ്തകം | 8-9-19 To 7-12-19 @ 1%: 7007.28<br><br>8-12-19 To 20-2-20 @ 2 %: (75 Days)<br><br>75/90 X 14014.56 = 11678.80<br><br>Total: 18686.08<br><br>le 18686 രൂപ | |

| | | |
|---|---|---|
| | പേജ് 15, 55/19-20) | |
| 4 | പ്രവൃത്തി: കുനിപ്പാല അംഗനവാടി നിർമാണം, 176/20<br>അടങ്കൽ: 800000 രൂപ<br>(തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ സനിൽ കുമാർ<br>കരാർ: 63/18-19/8-3-19<br>കരാർ തുക: 740690.02രൂപ<br>അളവ് പുസ്തകം: 50/19-20, 51/19-20<br>ചെലവ്: 738531 രൂപ<br>ചെക്ക് നമ്പർ: 034632/13-3-20<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 7-9-19<br>പൂർത്തീകരിച്ച തീയതി: 17-2-20 (അളവ് പുസ്തകം പേജ് 31, 51/19-20) | 8-9-19 To 7-12-19 @ 1%: 7406.90<br>8-12-19 To 17-2-20 @ 2 %: (72 Days)<br>72/90 X 14813.80 = 11851.04<br>Total: 19257.94<br>ie 19258 രൂപ |

മേൽ പ്രകാരമുള്ള പിഴ 78201 രൂപ (23324 + 9350 + 7583 + 18686 + 19258) മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഇത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണെന്നും ചൂണ്ടിക്കാണിച്ച് നൽകിയ 5/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള പിഴ മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്, ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-19 സ്കൂളുകളിൽ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

പ്രവൃത്തി: സ്കൂളുകളിൽ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, 183/20

അടങ്കൽ: 600000 രൂപ (തനത് ഫണ്ട്)

കരാറുകാരൻ: M/s സോഷ്യോ- എക്കണോമിക് ഫൗണ്ടേഷൻ

കരാർ: 53/18-19/29-12-18

കരാർ തുക: 424971.94 രൂപ

അളവ് പുസ്തകം: 68,69,70,71/19-20

ചെലവ്: 393768രൂപ

വൗച്ചർ നമ്പർ 70/19-20/5-2-20: Rs 316768

ചെക്ക് നമ്പർ 0144968/1-3-19: Rs 77000

വിശദാംശം താഴെ കൊടുക്കുന്നു.

മുണ്ടേരി സ്കൂൾ, പൂളപ്പാടം സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ളതാണ് മേൽ പദ്ധതി. കൺസൾട്ടേഷൻ ഫീ, മാനേജ്മെന്റ് ചാർജ് എന്നിവയുൾപ്പെടെ മുണ്ടേരി സ്കൂളിൽ 234958 രൂപ ചെലവിലും പൂളപ്പാടം സ്കൂളിൽ 159710 രൂപ ചെലവിലും ഒന്ന് വീതം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിന്റെയും 9-3-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയുടേയും അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) മുണ്ടേരി സ്കൂളിൽ സ്ഥാപിച്ച പ്ലാന്റ് നാളിതുവരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

മാലിന്യം നിക്ഷേപിക്കുന്നതിനായി സ്ഥാപിച്ച പൈപ്പിലേക്ക് മാലിന്യം നിക്ഷേപിക്കുമ്പോൾ അത് നേരെ മാലിന്യ ടാങ്കിലേക്ക് എത്താവുന്ന രീതിയിലാണ് പൈപ്പ് സ്ഥാപിക്കേണ്ടത്. എന്നാൽ പ്ലാന്റ് സ്ഥാപിച്ചതിന് ശേഷം മാലിന്യം

നിക്ഷേപിച്ചപ്പോൾ ആയത് ടാങ്കിലേക്ക് എത്തുന്നില്ലെന്നും പൈപ്പിൽ തന്നെ തങ്ങി നിൽക്കുകയായിരുന്നെന്നും ആയതിനാൽതന്നെ നിർമ്മാണശേഷം ഈ പ്ലാന്റ് ഒട്ടും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സ്കൂൾ HM സ്ഥലപരിശോധനാ വേളയിൽ വിവരിക്കുകയുണ്ടായി. മാത്രമല്ല, ടാങ്കിൽ നിന്നും സ്റ്റൗവിലേക്കുള്ള ഗ്യാസ് പൈപ്പ് മുറിഞ്ഞ് പോയിട്ടുമുണ്ട്. മാലിന്യം നിക്ഷേപിക്കുന്നതിനായി കുഴിയെടുത്ത് കോൺക്രീറ്റിൽ സ്ഥാപിച്ച പൈപ്പ് കോൺക്രീറ്റ് ഉൾപ്പെടെ താഴ്ന്ന് പോയതായും പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നും സ്ഥലപരിശോധനാ വേളയിൽ ബോധ്യപ്പെട്ടു.

2) പൈപ്പിൽ മാലിന്യം നിറഞ്ഞിരിക്കുന്നു.

മേൽ വിവരിച്ച (1) പ്രകാരമുള്ള അപാകത കാരണം പൈപ്പിൽ മാലിന്യം നിറഞ്ഞിരിക്കുകയാണ്. ആയതിനാൽ തന്നെ പ്ലാന്റും പരിസരവും ദുർഗന്ധപൂരിതവുമാണ്. പൈപ്പിൽ നിന്ന് മാലിന്യം എടുത്ത് മാറ്റാനും കഴിയുന്നില്ല.

3) കരാർ സ്ഥാപനത്തിന് അധികത്തുക നൽകി.

മേൽ പ്രവൃത്തിയുടെ ചെലവ് വിവരം താഴെ കൊടുക്കും പ്രകാരമാണ്

| ചെലവിനം | മുണ്ടേരി സ്കൂൾ | പൂളപ്പാടം സ്കൂൾ | ആകെ |
|---|---|---|---|
| മൂല്യനിർണ്ണയം | 196719.94 | 127879.97 | |
| (+) കൺസൾട്ടേഷൻ ഫീ | 20000.00 | 20000.00 | |
| ആകെ | 216719.94 | 147879.97 | |
| (+) മാനേജ്മെന്റ് ചാർജ് @ 8% | 17337.59 | 11830.40 | |
| ആകെ (Rounded) | 234958* | 159710 | 393768 |
| IT @ 2% | | | 7876 |
| GST @2% | | | 7876 |
| WF @ 1.01% | | | 3978 |
| (-) മുൻകൂർ | | | 77000 |
| കരാർ സ്ഥാപനത്തിന് | | | 297038 |

* 900 രൂപ അധികം നൽകിയത് ഉൾപ്പെടെ.

അധികം നൽകിയ തുകയുടെ വിശദാംശം

3 (A): മുണ്ടേരി സ്കൂളിൽ സ്ഥാപിച്ചതിന്റെ ആകെ മൂല്യനിർണയം 234058 രൂപയാണെങ്കിലും 234958 രൂപ കണക്കാക്കിയത് വഴി 900 രൂപ അധികം നൽകി.

3 (B): രണ്ട് പ്രവൃത്തികൾക്കും " Consultancy Charge For Technical Support And Capacity Building For The Initial Period Of Six Months After Commissioning” എന്നയിനത്തിൽ 20000 രൂപ വീതം ആകെ 40000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നൽകുന്ന കൺസൾട്ടൻസി ചാർജ് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കരാർ സ്ഥാപനം നൽകുന്ന സേവനത്തിന് നൽകുന്ന പ്രതിഫലമിനത്തിലുള്ളതാണ്. എന്നാൽ ഇവിടെ അവസാനബില്ലിന്റെ കൂടെത്തന്നെ മേൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, മേൽ വിവരിച്ച 1,2, അപാകതകളിൽ നിന്ന് തന്നെ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കരാർ സ്ഥാപനം യാതൊരു സേവനവും നൽകിയിട്ടില്ലെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ മേൽ തുക നൽകിയത് ശരിയായ നടപടിയല്ല.

3 (C): പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 5 മാസമായതിനാൽ 30-5-2019 നകം (പ്രവൃത്തി സ്ഥലം കൈമാറിയത് 31-12-18) പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും, മെറ്റീരിയലിന്റെയും വിദഗ്ദ തൊഴിലാളികളുടേയും ലഭ്യതക്കുറവ് കാരണം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന അപേക്ഷ പരിഗണിച്ച് പിഴ ഈടാക്കാതിരുന്നത്, മെറ്റീരിയലും വിദഗ്ദ തൊഴിലാളികളേയും ലഭ്യമാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെന്നതിനാൽ അംഗീകരിക്കാൻ കഴിയില്ല. 1-6-2019 മുതൽ 18-7-19 വരെ വൈകിയതിന് താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ഈടാക്കേണ്ട പിഴ:

പൂർത്തിയാക്കേണ്ടത്: 30-5-19

പൂർത്തീകരിച്ചത്: 18-7-19 (അളവ് പുസ്തകം 68/19-20, പേജ് 38)

1-6-19 To 18-7-19 48 Days: 48 /90 X 424971 X 1% = 2266.51, Ie 2267 രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നമ്പർ (4) പ്രകാരം അധികം നൽകിയ തുകകൾ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/13-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ:

4) മേൽ (A), (C) എന്നിവ പ്രകാരമുള്ള 3167 രൂപ (900 + 2267) കരാർ സ്ഥാപനത്തിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്.

5) മേൽ 3(B) യുടെ അടിസ്ഥാനത്തിൽ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം കരാർ സ്ഥാപനം യാതൊരു സേവനവും നൽകിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ നൽകിയ 40000/- രൂപ കരാർ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

6) മുണ്ടേരി സ്കൂളിൽ സ്ഥാപിച്ച പ്ളാന്റ് നാളിതുവരെയും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ പ്ളാന്റ് കരാർ സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിലും ചെലവിലും ഉപയോഗയോഗ്യമാക്കി അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 393768 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

(A) ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. (വിശദാംശത്തിന് ഭാഗം 3 കാണുക)

(B) റിടെൻഷൻ അധികം പിൻവലിച്ചു: കൺവീനർക്ക് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ Part Bill തുക കുറവ് ചെയ്തതിന് ശേഷം റിടെൻഷൻ തുക വീണ്ടും ഫൈനൽ ബില്ലിന്റെ കൂടെ കൂട്ടിയതിനാൽ 9641 രൂപ ട്രഷറിയിൽ നിന്ന് അധികം പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത 9641 രൂപ കൺവീനർക്ക് നൽകിയതായി കാണുന്നില്ല. ഡെപ്പോസിറ്റ് ഹെഡ്ഡിലുള്ള ഈ തുക പിൻവലിച്ച് MGNR ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

1) GLPS പൂളപ്പാടം കെട്ടിടം പണി പൂർത്തീകരണം 151/20.

അടങ്കൽ: 700000 രൂപ (MGNR)

കൺവീനർ: ശ്രീമതി ഡോൾസി ഡൊമിനിക് (H M)

കരാർ: 59/AE/LSGD//17/PKL/18-19/5-3-19

അളവ് പുസ്തകം: നമ്പർ ഇല്ല

ചെലവഴിച്ച തുക: 675226രൂപ

ബിൽ നംപർ 19-20: 385658 രൂപ

ബിൽ നംപർ 19-20: 289568 രൂപ

നൽകിയ തുക: Final Bill:

മൂല്യനിർണ്ണയം 665585 രൂപ

(-) Part Bill 385658

ബാക്കി 279937

(+) Retention 9641

ആകെ 289568

(-) IT 2 % 5792

(-) IT(പാർട്ട് ബില്ലിലെ ബാക്കി: 3760

(-) WF 1.01% 2925

(-) GST 2% 5792

കൺവീനർക്ക്: 271299 രൂപ

Partbill:

മൂല്യനിർണ്ണയം 385658

(-) Retention 9641

ബാക്കി: 376017

(-) നികുതി 5.01% 15078

കൺവീനർക്ക്: 360939

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 665585

(-) OH 5% 33279

ബാക്കി 632306

(-) നികുതി 5% 31617

കൺവീനർക്ക്: 600689

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 632306

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 675226

അധികം പിൻവലിച്ച തുക : 42920 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 632238 | 600689 | 31549 |
| I T | 13312 | 12647 | 665 |
| KBOCWWF | 6723 | 6323 | 400 |
| GST | 13312 | 12647 | 665 |
| (+) Retention അധികം | | | 9641 |
| | | ആകെ | 42920 |

കൺവീനർക്ക് അധികം നൽകിയ 31549 രൂപ കൺവീനറിൽ നിന്നീടാക്കേണ്ടതും മറ്റു വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 7/8-3-22 നംമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 31549 രൂപ കൺവീനറിൽ നിന്നീടാക്കി അറിയിക്കേണ്ടതും മറ്റു വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

## 1-21 തമ്പുരാട്ടിക്കുളം ലിഫ്റ്റ് ഇറിഗേഷൻ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

പ്രവൃത്തി: തമ്പുരാട്ടിക്കുളം ലിഫ്റ്റ് ഇറിഗേഷൻ, 156/20

അടങ്കൽ: 400000 രൂപ (വികസന ഫണ്ട്-ജനറൽ)

കരാറുകാരൻ: ശ്രീ ഉബൈദുള്ള

കരാർ: 65/17-18/12-12-17

കരാർ തുക: 352212 രൂപ

അളവ് പുസ്തകം: 156/19-20

ചെലവ്: 315218രൂപ

ബിൽ നമ്പർ: 4/19-20/8-5-19

വിശദാംശം താഴെ കൊടുക്കുന്നു.

17-10-2017 ൽ ഭരണാനുമതിയും (1/17) 3-11-2017 ൽ സാങ്കേതികാനുമതിയും (83888/2017-18) ലഭിച്ച ഈ പദ്ധതി 2019-20 ൽ സ്പിൽ ഓവർ പദ്ധതിയായാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി പ്രദേശത്തെ പതിനഞ്ചോളം കർഷകരുടെ ഇരുപത് ഏക്രയോളം സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നാണ് ഫയലിൽ നിന്ന് വ്യക്തമാവുന്നത്. ഫയൽ പരിശോധിച്ചതിന്റേയും 9-3-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയുടേയും അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ PWD റോഡിൽ പൈപ്പ് സ്ഥാപിച്ചത്, റോഡ് പ്രവൃത്തി കാരണം ഉപയോഗ ശൂന്യമായി.

2-2-2019 ന് തുടങ്ങിയ മേൽ പ്രവൃത്തി (അളവ് പുസ്തകം പേജ് 3) പൂർത്തീകരിക്കുന്നത് 25-3-2019 നാണ് ( അളവ് പുസ്തകം പേജ് 22) മേൽ പ്രവൃത്തിയുടെ ഭാഗമായി ഏകദേശം 530 മീറ്റർ നീളത്തിൽ PWD റോഡിൽ 75 Mm PVC പൈപ്പ് സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ PWD റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് കട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം, 528.50 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിന് 30 X 50 Cm അളവിൽ റോഡ് കട്ട് ചെയ്തത് സാധൂകരിച്ച് നൽകണമെന്നപേക്ഷിച്ച് കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ, AE/I/LSGD/PKL/2018-19/ 21-2-2019 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് സെക്ഷൻ നിലമ്പൂർ എന്ന സ്ഥാപനത്തിന് കത്തെഴുതിയതായി കാണുന്നുണ്ട്. എന്നാൽ അനുമതി കിട്ടിയതിന്റെ രേഖകളോ, റോഡ് കട്ടിംഗ് ചാർജ് അടവാക്കിയതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിന്റെ മലയോര ഹൈവേ പ്രവൃത്തിയുടെ ഭാഗമായി നടന്ന റോഡ് വികസന പ്രവർത്തനത്തിന്റെ ഫലമായി മേൽ പ്രകാരം സ്ഥാപിച്ച പൈപ്പുകൾക്ക് നാശം സംഭവിക്കുകയും റോഡിൽ നിന്ന് എടുത്തുമാറ്റുകയും ചെയ്തതായി സ്ഥലപരിശോധനാ വേളയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി.

2) മേൽ പദ്ധതിയുടെ ജലവിതരണപൈപ്പ് സ്ഥാപിക്കുന്നതിനായി ശ്രീ കെ ശങ്കരൻ നായർ, ശ്രീ പി പ്രഭാകരൻ മേനോൻ, ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ എന്നിവർ തങ്ങളുടെ സ്ഥലം വിട്ട് നൽകാൻ തയ്യാറാണെന്ന കാണിച്ച് ഭൂമി വിട്ട് നൽകുന്നതിനുള്ള അപേക്ഷ യഥാക്രമം 17-3-18, 17-3-18, 15-3-18 എന്നീ തീയതികളിൽ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം A യിൽ നൽകിയതായി കാണുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3) പദ്ധതിക്ക് നാളിതുവരെ വൈദ്യുതി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതിക്ക് വൈദ്യുതീകരണത്തിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ നാളിതുവരെയും വൈദ്യുതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്ന് സ്ഥലപരിശോധനാ വേളയിൽ ബോധ്യപ്പെട്ടു. മേൽ പദ്ധതിക്കായി, ഒരു വർഷം വാറന്റിയുള്ള 5 HP മോട്ടോർ വാങ്ങുന്നത് 25-3-2019 നാണ്. അതേ തീയതിയിൽ തന്നെ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാറന്റി കാലാവധി നഷ്ടമായെന്ന് മാത്രമല്ല, നാളിതുവരെ ഉപയോഗിക്കാത്തതിനാൽ മോട്ടോർ ഇപ്പോൾ ഉപയോഗയോഗ്യമാണോയെന്ന്പോലും വ്യക്തമല്ല.

4) മേൽ പദ്ധതിക്കായി 5000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പമ്പിംഗ് മെയിൻ/ജലവിതരണ പൈപ്പുകൾ വാട്ടർ ടാങ്കുമായി ബന്ധിപ്പിച്ചിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും ചെയ്യാതെയാണ് കരാറുകാരന് അവസാന ബിൽ നൽകിയിരിക്കുന്നത്. എന്നിട്ടും, ഈ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

വ്യക്തമായ ആസൂത്രണമില്ലാതെ പ്രവൃത്തി നടപ്പാക്കിയതിനാൽ, മേൽ അപാകതകൾ സംഭവിക്കുകയും മേൽ പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാതിരിക്കുകയും പദ്ധതിക്കുള്ള ചെലവ് പാഴായിപ്പോകുകയും ചെയ്തു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/13-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ, മേൽ (1), (2) എന്നിവ പ്രകാരം വിതരണ പൈപ്പുകൾ നശിച്ചത് അസിസ്റ്റന്റ് എഞ്ചിനീയർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവത്തി നടത്തിയതായതിനാൽ പൈപ്പ് സ്ഥാപിക്കാൻ ചെലവഴിച്ച 150838.35 രൂപ (ഇനം (12), 292.89/m X 515 മീറ്റർ) 25-3-19 ന് ആയതിന്റെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. കൂടാതെ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 315218 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് അധികം ഈടാക്കി.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത്

പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ, 2019-20, 20-21 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ലെന്ന് മാത്രമല്ല, 2019-20 ൽ പൂർണ്ണമായും 2020-21 ൽ ഭാഗികമായും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും 1 % KCWWF വിഹിതത്തിന് പുറമേ ഈ തുകയുടെ 1% കൂടി ബില്ലിൽനിന്ന് കുറവ് ചെയ്യുകയും ഈ തുകയുൾപ്പെടെ മൊത്തം 1.01 % തുകയും KCWWF Board ൽ അടവാക്കുകയും ചെയ്തതായാണ് കാണുന്നത്. ഇപ്രകാരം അധികത്തുക പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതും ഓരോ ബില്ലിൽ നിന്നും അധികം പിൻവലിച്ച് അടവാക്കിയ KCWWF വിഹിതത്തിന്റെ 1 % നിരക്കിലുള്ള തുകയും കളക്ഷൻ ചാർജിനത്തിലുള്ള 1 % നിരക്കിലുള്ള തുകയും KCWWF Board ൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 10/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ട്രസ്സ് വർക്കിന് അധികനിരക്ക് നൽകി.

ട്രസ്സ് വർക്ക് ചെയ്യുന്ന പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ ഇനമനുസരിച്ച് ട്രസ്സ് വർക്കിന് ബാധകമായ നിരക്കും (Code 50.10.1), സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ നിരക്കും (Code 50.10.2) നൽകാവുന്നതാണ്. എന്നാൽ താഴെ കൊടുത്ത പ്രവൃത്തികളിൽ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. എന്നാൽ, സിംഗിൾ സെക്ഷൻ ചെയ്ത പ്രവൃത്തിക്കും ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ, ആയതിന് സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ DSR കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/single Section With Gl Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കും പർലിനും ഒരേ നിരക്ക് തന്നെയാണ് ഈടാക്കേണ്ടത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 10-16.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| അപ്പൻകാപ്പ് അംഗനവാടി ഗ്രില്ലിടൽ 152/20<br>അടങ്കൽ: 150000 രൂപ(MGNR)<br>കരാറുകാരൻ : ശ്രീ അബൂബക്കർ<br>കരാർ: 30/18-19/14-12-18 (ER)<br>അളവ് പുസ്തകം: 52/18-19<br>ചെലവ്: 120017<br>ബിൽ നംപർ: 7/19-20 /8-5-19<br>DSR 2016 Cost Index 37.25% | ഇനം 2<br>112.687Kg | 13958.53<br>@123.87/Kg | 12613.05<br>@111.93/Kg | 1345 രൂപ<br>(Rounded) |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികത്തുക കരാറുകാരനിൽ നിന്നീടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 18/13-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 1345 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 കമ്പ്യൂട്ടർ വാങ്ങൽ; അധികം നൽകിയ 3009 രൂപ തിരികെ ലഭിച്ചതിന്റെ വിവരം ഇല്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (200/20, അടങ്കൽ - 80000 രൂപ, തനത് ഫണ്ട്) എന്ന പദ്ധതി പ്രകാരം 78222 രൂപ, വൗച്ചർ നമ്പർ 25/19-20/22-10-19 പ്രകാരം TVM/TBG/P1/RC /10523/17-18/31-10-19 പ്രഫോർമ ഇൻവോയ്സിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാന I T മിഷന് നൽകുകയും 1955003/1-11-20 ബിൽ പ്രകാരം 75213 രൂപയുടെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധികം നൽകിയ 3009 രൂപ (78222-75213) തിരികെ ലഭ്യമാക്കിയതായി കാണുന്നില്ല. ആയത് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 3009 രൂപ തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-25 റിടെൻഷൻ തുക രണ്ട് തവണ ട്രഷറിയിൽ നിന്ന് പിൻവലിച്ചു; 55232 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം 193/20

അടങ്കൽ: 15,00,000 രൂപ (CFC ഗ്രാന്റ്)

കരാറുകാരൻ: ശ്രീ സിദ്ധീഖ്

കരാർ: 45/AE/LSGD/PKL/17-18/6-11-17

അളവ് പുസ്തകം: 74/17-18, 1(9)/19-20

ചെലവ്: 1023761രൂപ

മേൽ പ്രവൃത്തിക്ക് രണ്ട് ബില്ലുകളായിട്ടാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ആദ്യ ബില്ലിൽ റിടെൻഷൻ തുക (55232 രൂപ) ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് റിടെൻഷൻ തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും അവസാന ബിൽ തുക കണക്കാക്കിയപ്പോൾ, മൊത്തം മൂല്യനിർണ്ണയത്തിൽ നിന്നും (1023761 രൂപ) റിടെൻഷൻ തുക (55232 രൂപ) ഉൾപ്പെടെ കുറവ് ചെയ്യുന്നതിന് പകരം റിടെൻഷൻ തുക ഒഴികെയുള്ള പാർട്ട് ബിൽ തുക മാത്രം കുറവ് ചെയ്തത് വഴിയാണ് അധികച്ചെലവ് വന്നിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ആകെ മൂല്യനിർണ്ണയം | | 1023761 രൂപ |
| ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | | 1078993 രൂപ |
| ട്രഷറി ബിൽ നംപർ | തുക | |
| Part Bill (18-19) | 552316 | |
| Final Bill No 10/19-20/15-7-19 | 526677 | |
| | അധികം | 55232രൂപ |

അധികം പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത 55232 രൂപ കരാറുകാരന് നൽകിയതായി കാണുന്നില്ല. ഡെപ്പോസിറ്റ് ഹെഡ്ഡിലുള്ള ഈ തുക പിൻവലിച്ച് CFC ഗ്രാന്റ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-26 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | നൽകിയ തുക |
|---|---|---|---|---|
| 1 | കുനിപ്പാല അംഗനവാടി നിർമാണം 176/20<br>കരാറുകാരൻ: ശ്രീ സനിൽകുമാർ<br>അടങ്കൽ. 800000 രൂപ. (തനത് ഫണ്ട്)<br>അളവ് പുസ്തക 50/19-20, 51/19-20 | 4<br>5 | 26.40 M2 വിസ്തീർണ്ണത്തിലുള്ള മേൽക്കൂരയിലെ ഓട്, മരം.<br>വാതിൽ (5 എണ്ണം) | ചെക്ക് നമ്പർ 034632/12-3-20<br>738531 രൂപ |

| | | | | |
|---|---|---|---|---|
| 2 | കോടാലിപ്പോയിൽ അംഗനവാടി നിർമാണം 177/20<br>കരാറുകാരൻ: ശ്രീ ഗോപി<br>അടങ്കൽ. 800000 രൂപ. (തനത് ഫണ്ട്)<br>അളവ് പുസ്തകം 54/19-20, 55/19-20 | 4<br>3 | 48.41 M2 വിസ്തീർണ്ണത്തിലുള്ള മേൽക്കൂരയിലെ ഓട്,മരം.<br>വാതിൽ (3 എണ്ണം) | ചെക്ക് നമ്പർ 034634/12-3-20<br>700728 രൂപ |

മേൽ ഇനങ്ങളുടെ വിനിയോഗ/ലേല വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/8-3-22, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-27 താഴെ പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു

| ക്ര.നം | പദ്ധതി | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 1 | ചെമ്പ്ര കോളനി കുടിവെള്ളപദ്ധതി 147/20 | 170283 | 1/19-20/8-5-19 |
| 2 | അമ്പിട്ടാൻപൊട്ടി കോളനി കിണർ റിപ്പയർ, 149/20 | 47730 | 3/19-20/8-5-19 |
| 3 | ഭ്രദാനം കവളപ്പാറ റോഡ് റീ-ടാറിംഗ്, 165/20 | 399981 | 20/19-20/15-7-19 |
| 4 | ബസ് സ്റ്റാന്റിൽ വനിതകൾക്ക് മുലയൂട്ടൽ കേന്ദ്രം, 180/20 | 229147 | 28/19-20 /23-10-20 |
| 5 | ചെമ്പ്ര ബദൽ സ്കൂൾ നിർമാണം പൂർത്തീകരണം, 181/20 | 399546 | 21/19-20/15-7-19, Rs 30000<br>25/19-20/7-9-19, Rs 99546 |
| 6 | പനങ്കയം അമ്പലക്കുന്ന് കോളനി റോഡ് ടാറിംഗ്, 188/20 | 584967 | 42/19-20 /18-3-20 Rs 259967<br>45/19-20 /19-3-20 Rs 325000 |
| 7 | പഞ്ചായത്ത് ഓഫീസ് വനിതാ സൗഹൃദ ടോയ്‌ലറ്റ് പൂർത്തീകരണം, 198/20 | 39566 | ലഭ്യമല്ല |
| | ആകെ | 1871220 രൂപ | |

മേൽ ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നംപർ 20/14-3-22, മറുപടി ലഭ്യമാക്കിയിട്ടില്ല) ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1) GLPS പൂളപ്പാടം കെട്ടിടം പണി പൂർത്തീകരണം 151/20.

അടങ്കൽ: 700000 രൂപ (MGNR)

കൺവീനർ: ശ്രീമതി ഡോൾസി ഡൊമിനിക് (H M)

കരാർ: 59/AE/LSGD//17/PKL/18-19/5-3-19

അളവ് പുസ്തകം: നമ്പർ ഇല്ല

ചെലവഴിച്ച തുക: 675226രൂപ

ബിൽ നംപർ 8/19-20/7-5-19: 385658 രൂപ

ബിൽ നംപർ 27/19-20/7-9-19: 289568 രൂപ

നൽകിയ തുക: Final Bill:

മൂല്യനിർണ്ണയം 665585 രൂപ

(-) Part Bill 385658

ബാക്കി 279937

(+) Retention 9641

ആകെ 289568

(-) IT 2 % 5792

(-) IT(പാർട്ട് ബില്ലിലെ ബാക്കി: 3760

(-) WF 1.01% 2925

(-) GST 2% 5792

കൺവീനർക്ക്: 271299 രൂപ

Partbill:

മൂല്യനിർണ്ണയം 385658

(-) Retention 9641

ബാക്കി: 376017

(-) നികുതി 5.01% 15078

കൺവീനർക്ക്: 360939

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 665585

(-) OH 5% 33279

ബാക്കി 632306

(-) നികുതി 5% 31617

കൺവീനർക്ക്: 600689

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 632306

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 675226

അധികം പിൻവലിച്ച തുക : 42920 രൂപ

| അധികം നൽകിയ തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 632238 | 600689 | 31549 |
| I T | 13312 | 12647 | 665 |
| KBOCWWF | 6723 | 6323 | 400 |
| GST | 13312 | 12647 | 665 |
| (+) Retention അധികം | | | 9641 |
| | | ആകെ | 42920 |

കൺവീനർക്ക് അധികം നൽകിയ 31549 രൂപ കൺവീനറിൽ നിന്നീടാക്കേണ്ടതും മറ്റ് വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 7/8-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 31549 രൂപ കൺവീനറിൽ നിന്നീടാക്കി അറിയിക്കേണ്ടതും മറ്റ് വകുപ്പുകൾക്ക് അധികം നൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2019-20 | 11.03.2022 മുതൽ 14.03.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (181/20) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 5100 | സമഗ്ര നെൽകൃഷി വികസനം (16/20) | 5100 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും. | 21900386 / 27.09.2019 | 124950 | 124950 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 4260000 | 25684671 | 2044118 | 0 | 27900553 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | -- | വസ്തു നികുതി | നിലനിൽക്കുന്നു. |
| 2014-15 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | -- | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78404826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79054773 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31549 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2580206 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 31549 | ശ്രീ.കെ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 393768 | ശ്രീ.കെ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-21 | 315218 | ശ്രീ.കെ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-27 | 1871220 | ശ്രീ.കെ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 2580206 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.മധുസൂധനൻ നായർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്. | റ്റി.സി-44/211, KLRA-119, കുക്കുലിയാർ ലൈൻ, ജഗതി.പി.ഒ, തിരുവനന്തപുരം, പിൻ. 695014 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 12 | |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1149/2018 തി.23.05.2018 | 6 | |
| 2003-04 | എൽ.എഫ്.എം.5/2052/09 തി.28.02.2006 | 13 | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 29 | |
| 2005-06 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 28 | |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 15 | |
| 2007-08 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 10 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/1546/2019 തി.10.08.2020 | 7 | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/1516/2020 | 15 | |

| | | | |
|---|---|---|---|
| 2010-11 | തി.09.11.2020 | | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.6/1255/2015 തി.02.11.2015 | 23 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/209/2019 തി: 24.04.2019 | 14 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/397/2021 തി: 25.02.2021 | 17 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2169/2017 തി: 09.07.2018 | 19 | |
| 2017-18 | കെ.എസ്.എ.എം.പി.എം.6/2979/2019 തി: 04.06.2019 | 12 | |
| 2018-19 | കെ.എസ്.എ.എം.പി.എം.6/537/2020 തി: 30.10.2021 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ. 4/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്